(സി) കേന്ദ്ര നഗര വികസന മന്ത്രാലയത്തിന് സംസ്ഥാന സർക്കാരിൽ നിന്നും അയച്ച കത്തുകളിൽ തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതികളെ സംബന്ധിച്ച കേരള സർക്കാരിന്റെ നിലപാട് വ്യക്തമാക്കിയിട്ടുണ്ട്.

(ഡി) കൊച്ചി മെട്രോ റെയിൽ പദ്ധതി, ഗതാഗത വകുപ്പുവഴിയാണ് നടപ്പിലാക്കിവരുന്നത്. കൊച്ചി മെട്രോ റെയിൽ പദ്ധതി നടപ്പിലാക്കുന്നതിന് ഡി.എം.ആർ.സി.-യെ ചുമതലപ്പെടുത്തിക്കൊണ്ട് 8-1-2008-ൽ അന്നത്തെ സംസ്ഥാന സർക്കാർ തീരുമാനമെടുത്തിരുന്നതായി അറിയാം.

(ഇ) 29-7-2015-ൽ ചേർന്ന മന്ത്രിസഭായോഗ തീരുമാനപ്രകാരമാണ് കേന്ദ്രാനുമതി ലഭിച്ചതിനുശേഷം കൺസൾട്ടന്റിനെ നിയമിച്ചാൽ മതിയെന്ന നിലപാട് സ്വീകരിച്ചത്. ലൈറ്റ് മെട്രോ പദ്ധതിയിൽ ഡി.എം.ആർ.സി.-യുടെ പങ്ക് എന്താണെന്ന് കേന്ദ്ര സർക്കാരിനയച്ച ആദ്യ കത്തിലൂടെ അറിയിച്ചിട്ടുണ്ടായിരുന്നില്ല.

സർക്കാർ ഭൂമി കയ്യേറ്റം

24(*264) ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. എ. കെ. ബാലൻ :
ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൻതോതിൽ സർക്കാർ ഭൂമി കയ്യേറ്റം നടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വൻകിട കയ്യേറ്റക്കാർ കൈയടക്കിയ ഭൂമി തിരിച്ചുപിടിക്കുന്നതിനുള്ള ഫലപ്രദമായ നടപടികൾ സ്വീകരിക്കാത്തത് എന്തുകൊണ്ടാണെന്ന് വിശദീകരിക്കാമോ;

(സി) വൻകിട കയ്യേറ്റക്കാർ അനധികൃതമായി കൈവശം വയ്ക്കുന്ന സർക്കാർ ഭൂമിയുടെ അളവ് കണക്കാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) അനധികൃതമായി കൈവശം വയ്ക്കുന്ന വനം, റവന്യൂ ഭൂമിയും പാട്ട ഭൂമിയും മറിച്ചുവില്ക്കുന്നകാര്യം അറിവുള്ളതാണോ; ഇങ്ങനെ മറിച്ചുവില്ക്കപ്പെട്ട ഭൂമിയുടെ അളവ് എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ; എ.വി.ടി. കമ്പനി മറിച്ചു വില്പന നടത്തിയ ഭൂമിയുടെ അളവെത്ര;

(ഇ) കയ്യേറ്റ ഭൂമിയും പാട്ടഭൂമിയും മറിച്ച് വില്ക്കുന്നതിന് സഹായിക്കുന്ന ഉദ്യോഗസ്ഥരുടെ പേരിൽ കടുത്ത നടപടി സ്വീകരിക്കുന്നതിൽ വിമുഖത കാണിക്കുന്നുണ്ടോ; വിശദമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്) :

(എ) ഉണ്ട്.

(ബി) കയ്യേറ്റം ശ്രദ്ധയിൽപ്പെടുന്ന കേസുകളിൽ ഭൂമി തിരിച്ചുപിടിക്കുന്നതിനായി കേരള ഭൂസംരക്ഷണ നിയമപ്രകാരം നടപടി സ്വീകരിച്ചുവരുന്നു.

(സി) കോട്ടയം ജില്ലയിൽ കുമരകം വില്ലേജിൽ ബ്ലോക്ക് 11-ൽപ്പെട്ട വേമ്പനാട് കായൽ പുറമ്പോക്കിൽ 5.29.86 ഹെക്ടർ കുമരകം ലേക്ക് റിസോർട്ട് ഉടമകൾ കയ്യേറിയിട്ടുള്ളതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിൽ വിതുര വില്ലേജിൽ ആറ്റുപുറമ്പോക്ക് ഭൂമി ഏതാണ്ട് 5 ഏക്കറോളം കയ്യേറി The Dukes Forest Resort നിർമ്മിച്ചിട്ടുള്ളതായി പരാതി ലഭിച്ചിട്ടുണ്ട്. ആലപ്പുഴ ജില്ലയിൽ അമ്പലപ്പുഴ താലൂക്കിൽ കലവൂർ വില്ലേജിൽ ഉൾപ്പെട്ടുവരുന്ന ഫിഷർമെൻ ബീച്ച് റിസോർട്ട്, ആര്യാട് തെക്ക് വില്ലേജിലെ ബീച്ച് റിസോർട്ട്, മുല്ലയ്ക്കൽ വില്ലേജിലെ ക്ലബ് ലേക്ക് റിസോർട്ട് എന്നിവയുടെ ഭാഗങ്ങൾ സർക്കാർ ഭൂമിയിൽ ഉൾപ്പെട്ടുവരുന്ന 3 കേസുകളും ചേർത്തല താലൂക്കിൽ സൈറസ്, കാപ്പിക്കോ റിസോർട്ടുകളുടെ കയ്യേറ്റവും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സംസ്ഥാനത്ത് സർക്കാർ ഭൂമി കയ്യേറ്റം നടന്ന കേസുകളുടെ ജില്ലതിരിച്ചുള്ള ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ഡി) പത്തനംതിട്ട ജില്ലയിൽ കോന്നി താലൂക്കിൽ കൂടൽ, കലഞ്ഞൂർ വില്ലേജുകളിലായി എ.വി.റ്റി. കമ്പനി 112.77.84 ഹെക്ടർ ഭൂമി മറിച്ചു വിൽപ്പന നടത്തിയതായി കണ്ടെത്തിയിട്ടുണ്ട്. കൂടാതെ ഹാരിസൺസ് മലയാളം ലിമിറ്റഡ് കമ്പനി 7 ജില്ലകളിലായി അനധികൃതമായി കൈവശം വച്ചിരിക്കുന്നതും അവർ മറിച്ചു വിറ്റതുമായ ഭൂമി ഏറ്റെടുക്കുന്നതിലേക്കായി സർക്കാർ സ്പെഷ്യൽ ഓഫീസറെ നിയമിച്ചിട്ടുണ്ട്. സ്പെഷ്യൽ ഓഫീസർ ഇതനുസരിച്ച് കൊല്ലം, പത്തനംതിട്ട, കോട്ടയം, ഇടുക്കി എന്നീ ജില്ലകളിലെ ഹാരിസൺസ് മലയാളം ലിമിറ്റഡ് കൈവശ ഭൂമിയും അവർ വിറ്റ ഭൂമിയും ഉൾപ്പെട്ട 37220 ഏക്കർ ഭൂമി ഏറ്റെടുത്തുകൊണ്ട് നടപടിക്രമം പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഭൂമിക്ക് പുറമെ മലയാളം പ്ലാന്റേഷൻസ് (യു.കെ.) ലിമിറ്റഡ് എന്ന വിദേശ കമ്പനി വയനാട് ജില്ലയിൽ 2 കരാർ ഉടമ്പടി പ്രകാരം ഏകദേശം 35,000 ഏക്കർ ഭൂമിയും തൃശ്ശൂർ ജില്ലയിൽ 6063 ഏക്കർ ഭൂമിയും കൈവശം വച്ചിട്ടുണ്ട്. പ്രസ്തുത ഭൂമി സംബന്ധിച്ച് കേരള ഭൂസംരക്ഷണ നിയമപ്രകാരം നടപടികൾ സ്വീകരിച്ചുവരുന്നു. സ്പെഷ്യൽ ഓഫീസറുടെ നടപടിക്രമത്തിനെതിരെ ഹാരിസൺസ് മലയാളം ലിമിറ്റഡ് കമ്പനി ഫയൽ ചെയ്ത കേസിൽ കോടതി ഉത്തരവ് പ്രകാരം തൽസ്ഥിതി തുടരുകയാണ്. കൊല്ലം ജില്ലയിലെ കുളിർകാട് മേഖലയിൽ വനം, റവന്യൂ ഭൂമിയുടെ വൻതോതിലുള്ള

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

കയ്യേറ്റം സ്പെഷ്യൽ ഓഫീസർ റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ വനം, റവന്യൂ വകുപ്പുകളുടെ സംയുക്ത സർവ്വേ നടത്താനും കയ്യേറ്റം ഒഴിപ്പിക്കുന്നതിനും തീരുമാനമെടുത്തിട്ടുണ്ട്. കൂടാതെ ഇടുക്കി ജില്ലയിൽ ട്രാവൻകൂർ റബർ&ടീ കമ്പനിയുടെ കൈവശഭൂമി സംബന്ധിച്ച വിഷയത്തിലും മനുഷ്യാവകാശ കമ്മീഷന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ ഭൂമി ഏറ്റെടുക്കുന്നതിലേക്കായി സ്പെഷ്യൽ ഓഫീസറെ നിയമിക്കാൻ തീരുമാനമായിട്ടുണ്ട്.

(ഇ) കയ്യേറ്റ ഭൂമിയും, പാട്ടഭൂമിയും മറിച്ചുവിൽക്കുന്നതിൽ ഉദ്യോഗസ്ഥർ സഹായിക്കുന്നതായി ശ്രദ്ധയിൽപ്പെടുന്നപക്ഷം ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ പേരിൽ നടപടി സ്വീകരിക്കുന്നതാണ്.

സപ്ലൈകോ വഴി വിതരണം ചെയ്യുന്ന സബ്സിഡി ഉല്പന്നങ്ങൾ

25(*265) ശ്രീമതി കെ. കെ. ലതിക :
ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
ശ്രീ. കെ. വി. വിജയദാസ് :
ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സപ്ലൈകോ വഴി വിതരണം ചെയ്യുന്ന ഏതെല്ലാം ഉല്പന്നങ്ങളുടെ സബ്സിഡി വെട്ടിക്കുറച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ ;

(ബി) സബ്സിഡി ഉല്പന്നങ്ങളുടെ 2011 ജനുവരി മാസത്തെ വിലയും ഇപ്പോഴത്തെ വിലയും എത്രയെന്ന് വ്യക്തമാക്കുമോ ;

(സി) മാവേലി സ്റ്റോറുകളിലൂടെ റേഷൻകാർഡുടമകൾക്ക് വിതരണം ചെയ്തിരുന്ന പരിപ്പ്, ഉഴുന്ന് പരിപ്പ്, കടല, ചെറുപയർ എന്നിവയുടെ വില വർദ്ധിപ്പിക്കുകയും അളവ് കുറയ്ക്കുകയും ചെയ്തിട്ടുണ്ടോ ; വിശദമാക്കാമോ ;

(ഡി) ആഴ്ചതോറും മാവേലി സ്റ്റോറുകൾവഴി നൽകിയിരുന്ന സബ്സിഡിയുള്ള അരി ഇപ്പോൾ വിതരണം ചെയ്യുന്നുണ്ടോ ; ഇത് രണ്ടാഴ്ചയിലൊരിക്കൽ എന്ന രീതിയിൽ മാറ്റിയിട്ടുണ്ടോ ;വ്യക്തമാക്കുമോ;

(ഇ) പൊതുമാർക്കറ്റിൽ വിലക്കയറ്റം ശ്രുക്ഷമാക്കുന്ന തരത്തിൽ സപ്ലൈകോയുടെ പ്രവർത്തനം തിരുത്തുമോ; വ്യക്തമാക്കുമോ;

(എഫ്) സപ്ലൈകോ വില്പനശാലയിൽനിന്നും ജനങ്ങളെ അകറ്റുന്ന തരത്തിലുള്ള നയം പുനഃപരിശോധിക്കുവാൻ തയ്യാറാകുമോ ?

LIBRARY ARCHIVES Kerala Legislative Assembly